326 (1519) ജലാശയങ്ങളിലെ പായൽ നീക്കം ചെയ്യാൻ പദ്ധതികൾ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിലെ പായൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപംനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ ജലാശയങ്ങളിലെയും ജലപാതകളിലെയും ആഫ്രിക്കൻ പായലും കുളവാഴകളും നീക്കം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടിയതിനുശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കൺവീനറായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ പായലും കുളവാഴയും നീക്കംചെയ്യുന്ന പ്രവൃത്തിക്കുവേണ്ടി ആദ്യഘട്ടത്തിൽ ഏകദേശം 62,00,000/- രൂപ (അറുപത്തിരണ്ടു ലക്ഷം) ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി നടപ്പാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

327 (1520) ജനകീയാസൂത്രണ പദ്ധതിച്ചെലവിനായി നീക്കിവച്ച തുക

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിലേയ്ക്ക് ജനകീയാസൂത്രണത്തിനുവേണ്ടി പദ്ധതിയിനത്തിൽ എന്തു തുക നീക്കിവച്ചു;

(ബി) ഇതിൽ 1999 സെപ്റ്റംബർ 30 വരെ എന്തു തുക ചെലവഴിച്ചു;

(സി) വിദേശസഹായമുള്ള പദ്ധതികൾക്കുവേണ്ടി തന്നാണ്ടിലെ വാർഷിക പദ്ധതിയിൽ എത്ര തുക വകകൊള്ളിച്ചിരുന്നു;

(ഡി) 1999 സെപ്റ്റംബർ 30 വരെ ഇതിൽ എന്തു തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly